II ഇ.ബി. XII- കേരള നിയമസഭ/XIV-19

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 29, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

59 (*571) കയർ ജിയോടെക്സ്റ്റൈൽ കമ്മിറ്റി

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, നാഷണൽ കയർ റിസർച്ച് & മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ (NCRMI) പ്രവർത്തിച്ചിരുന്ന കയർ ജിയോ ടെക്സ്റ്റൈൽസ് ടെക്നിക്കൽ കമ്മിറ്റി ഇരട്ടിപ്പ് ഒഴിവാക്കാനായി NCRMI-യിലെ സ്റ്റേറ്റ് ലെവൽ റിസർച്ച് & ഡവലപ്മെന്റ് അഡ്വൈസറി കമ്മിറ്റിയിൽ ലയിപ്പിക്കുകയാണുണ്ടായിയെന്ന് സഭയെ അറിയിച്ചു. കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ അംഗീകാരം നൽകുകയും ധനസഹായം അനുവദിക്കുകയും ചെയ്യുക, കൃത്യമായ ഇടവേളകളിൽ അവയുടെ പുരോഗതി നിരീക്ഷിക്കുക, വിജയകരമായി പൂർത്തീകരിക്കുന്ന പ്രോജക്ടുകൾ കയർമേഖലയ്ക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുക, കയർ ജിയോടെക്സ്റ്റൈൽസിനെ സംബന്ധിച്ച എല്ലാ

ഗവേഷണ വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക എന്നിവയാണ് സ്റ്റേറ്റ് ലെവൽ ആർ. ആന്റ് ഡി. കമ്മിറ്റിയുടെ ചുമതലകൾ. ഓരോ സാഹചര്യത്തിലും ഉപയോഗിക്കാൻ കഴിയുന്ന ജിയോടെക്സ്റ്റൈൽസിന്റെ ആവിഷ്ക്കരണവും സ്പെസിഫിക്കേഷനും തയ്യാറാക്കുകയും സംസ്ഥാനത്തെ പ്രധാന വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ജിയോടെക്സ്റ്റൈൽസ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 27-01-2009-ൽ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വിവിധ സർക്കാർ വകുപ്പുകളിലെ ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചയെ തുടർന്ന് പ്രധാന പാതകൾ ഒഴികെയുള്ള പഞ്ചായത്ത് റോഡുകൾ കയർ ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ച് ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച് ജില്ലാ/ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ജിയോടെക്സ്റ്റൈൽസിനെ നിർമ്മാണ വസ്തുവായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമവികസന വകുപ്പ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും പല ബ്ലോക്ക് പഞ്ചായത്തുകളും തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട സംരക്ഷണത്തിനായി കയർ ജിയോടെക്സ്റ്റൈൽസ് വലിയ തോതിൽ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റൈൽസ് പരീക്ഷണാർത്ഥം ഉപയോഗിച്ച സ്ഥലങ്ങളിൽ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാന്വലിൽ കയർ ജിയോടെക്സ്റ്റൈൽസ് ഉൾപ്പെടുത്തുന്നതിന്റെ പ്രൊപ്പോസൽ

അവസാനഘട്ടത്തിലാണ്. പി.ഡബ്ല്യൂ.ഡി.യുടെ ഡേറ്റാ ബുക്ക് പരിഷ്ക്കരിച്ച് കയർ ജിയോടെക്സ്റ്റൈൽസിനെ അതിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വ്യാപകമായി ഇത് ഉപയോഗിക്കാൻ കഴിയുന്നതാണ്. കടൽഭിത്തി, ചിറകൾ, ബണ്ടുകൾ, കനാലുകൾ എന്നിവയുടെ സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയുന്നതിനും ഏറ്റവും അനുയോജ്യമായ കയർ ജിയോടെക്സ്റ്റൈൽസ് മറ്റ് വകുപ്പുകൾ ഉപയോഗപ്പെടുത്തണമെങ്കിൽ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി ഒരു സ്കീമായി കൊണ്ടുവരേണ്ടതുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ഭൂപ്രദേശങ്ങളിലും കയർ ജിയോടെക്സ്റ്റൈൽസിന് കൂടുതൽ പ്രചരണം നൽകുന്നതിനുള്ള ക്യാമ്പയിനുകൾ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കയർ മേഖലയിൽ ആധുനികവൽക്കരണം നടത്തി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കയർ കമ്മീഷന്റെ ശുപാർശകളിൽ പലതും അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ചകിരി ഉപയോഗിച്ച് ആധുനിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള യന്ത്രങ്ങൾ നിർമ്മിക്കാനുള്ള നടപടികളെടുത്തുവരികയാണ്. കയർ ബോർഡ് ഡിസൈൻ ചെയ്ത യാതൊരു പാരിസ്ഥിതിക പ്രശ്നവുമില്ലാത്ത ഒരു ലക്ഷം രൂപ വില വരുന്ന പോർട്ടബിൾ മൊബൈൽ ഡീ-ഫൈബറിംഗ് മെഷീനുകൾ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് കയർ മേഖലയല്ലാത്ത പ്രദേശങ്ങളിൽ നിന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംഭരിക്കുന്ന പച്ചത്തേങ്ങയുടെ തൊണ്ട് നാൽപ്പത് പൈസ നിരക്കിൽ കയർഫെഡ് വാങ്ങുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും ഇതിലേയ്ക്കായി ജില്ലാതലത്തിലും

സംസ്ഥാനതലത്തിലും ക്ലസ്റ്റർ കമ്മിറ്റികൾ രൂപീകരിച്ചുവരികയാണെന്നും കയർ മേഖലയിൽ ഉല്പാദന വർദ്ധനവുണ്ടാക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിനുമുള്ള പഠനങ്ങളും ഗവേഷണങ്ങളും നടന്നുവരുന്നുണ്ടെന്നും വൻകിട മേഖല കേന്ദ്രീകരിച്ചാണ് കയർ കയറ്റുമതി പ്രധാനമായും നടക്കുന്നതെന്നും കയർ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുകയാണ് ഏക പോംവഴിയെന്നും കയർ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും 2010 കയർ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

60 (*572) <u>അടഞ്ഞുകിടക്കുന്ന തേയില തോട്ടങ്ങൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പീരുമേട് ടീ കമ്പനി വക പീരുമേട് എസ്റ്റേറ്റും ലോൺട്രി എസ്റ്റേറ്റും ആർ.ബി.റ്റി വക കോഴിക്കാനം എസ്റ്റേറ്റും മൗണ്ട് എസ്റ്റേറ്റും തങ്കമല എസ്റ്റേറ്റും അടഞ്ഞുകിടക്കുകയാണെന്ന് സഭയെ അറിയിച്ചു. 1953-ലെ ടീ ആക്ട് 16 (ഇ) അനുസരിച്ച് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിനുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് അടച്ചിട്ടിരിക്കുന്ന തേയില ത്തോട്ടങ്ങൾ ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവരുടെ അപേക്ഷ ക്ഷണിച്ചു കൊണ്ട് പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചുവെങ്കിലും ഉടമകൾ ഹൈക്കോടതി യിൽപോയി സ്റ്റേ വാങ്ങിയിരിക്കുകയാണ്. കാർഷിക പരിഷ്ക്കാര

നിയമത്തിൽ തേയിലത്തോട്ടങ്ങളേയും അതുപോലെയുള്ള പ്ലാന്റേഷനുകളേയും ഭൂപരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ ടേക്ക് ഓവർ ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി ഒരു നിയമഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. ഇ.പി.എഫ് അതോറിറ്റിയിൽ നിന്ന് ലേലത്തിലെടുത്ത് പ്രവർത്തിപ്പിക്കുന്ന ആർ.ബി.ടി വക തോട്ടങ്ങൾ പോക്കുവരവ് ചെയ്ത് കൊടുക്കുകയാണെങ്കിൽ അവിടത്തെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയും കൂലി കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകാമെന്ന് പോബ്സൺ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം പോക്കുവരവ് നടത്തി തൊഴിലാളികളുടെ ആനുകൂല്യങ്ങളെല്ലാം കൊടുക്കണമെന്ന് കോടതിവിധിയുണ്ടാകുകയും ഇത് ഗവൺമെന്റിന്റെ സജീവ പരിശോധനയിലും പരിഗണനയിലുമിരിക്കുകയുമാണ്. അടഞ്ഞുകിടന്നിരുന്ന തോട്ടങ്ങൾ തുറക്കുന്നതിനോടനുബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റ് അനുസരിച്ച് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. നെല്ലിയാമ്പതി മേഖലയിൽ ലീസ് കാലാവധി പൂർത്തീകരിച്ച് ഗവണ്മെന്റ് ഏറ്റെടുത്തതോട്ടങ്ങളെല്ലാംതോട്ടങ്ങളായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. നെല്ലിയാമ്പതി മേഖലയിലെ പ്രസ്തുത തോട്ടങ്ങൾ തോട്ടങ്ങളായിത്തന്നെ പ്രവർത്തിക്കുന്നുണ്ടെന്നും തൊഴിലാളികളുടെ സംയുക്ത സമിതി ഉണ്ടാക്കിയാണ് കൃഷി നടത്തുന്നതെന്നും അതിന്റെ ഓക്ഷൻ നടക്കുന്നത് ഗവൺമെന്റ് മേൽനോട്ടത്തിലാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വനവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി വ്യക്തമാക്കി. പ്ലാന്റേഷൻ മേഖലയിലെ

പ്രശ്നങ്ങൾ പരിഗണിച്ച് കഴിഞ്ഞ വർഷം വരെ ഇളവ് ചെയ്തുകൊടുത്ത പ്ലാന്റേഷൻ ടാക്സിൽ തുടർന്നും ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യപ്രകാരം ടീ ബോർഡ് തേയിലപ്പൊടി ലേലം ചെയ്യുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി തേയിലയ്ക്ക് താരമതമ്യേന മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടെന്നും പ്ലാന്റേഷൻ മേഖലയിൽ ഒരു നിശ്ചിത സ്ഥലത്ത് ഇടവിള കൃഷിക്കും ടൂറിസം പദ്ധതിക്കുംവേണ്ടി ഉപയോഗിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായി പഠനം നടത്തിയ ശേഷമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്നും പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും തോട്ടം തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**61 (*573)** <u>കയറുൽപ്പന്നങ്ങളുടെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം</u>

സഹകരണവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2007-08-ൽ കയർ മേഖലയുടെ സാങ്കേതിക വികസനത്തിന് 90 ലക്ഷം രൂപയും 2008-09-ൽ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിന് 500 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2007-08-ൽ കയർ യാൺ പിരിക്കൽ, കയർ ഡോർ

മാറ്റ്സ് ഉൽപ്പാദനം, കയർ ജിയോ ടെക്സ്റ്റൈൽസ് നിർമ്മാണം എന്നിവയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി 25.50 ലക്ഷം രൂപയും കയർ മാറ്റിംഗിനായി ഫോംമാറ്റിംഗ്സിന് മെഷിനറി വാങ്ങുന്നതിന് 5 ലക്ഷം രൂപയും ഫോംമാറ്റിംഗ്സിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് 1.5 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷനിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് 1.5 ലക്ഷം രൂപയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ സാങ്കേതിക വികസനത്തിന് 10 ലക്ഷം രൂപയും കയർഫെഡിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് 5 ലക്ഷം രൂപയും കയർ പിത്തിൽ നിന്ന് ജൈവ വളം നിർമ്മിക്കുന്നതിനുള്ള ലബോറട്ടറി സ്ഥാപിക്കുന്നതിന് കയർഫെഡിന് ധനസഹായമായി 12 ലക്ഷം രൂപയും സംഘം പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമുള്ള പരിശീലനത്തിന് 1 ലക്ഷം രൂപയും കയർ സഹകരണ സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിന് 21 ലക്ഷം രൂപയും ചിറയിൻകീഴ് അഞ്ചെൻഗോ മാറ്റ്സ് & മാറ്റിംഗ് സഹകരണ സംഘത്തിന് (റ്റി.1000) ടേപ് എഡ്ജിംഗ് മെഷീൻ വാങ്ങുന്നതിന് 7.50 ലക്ഷം രൂപയുമാണ് അനുവദിച്ചത്. 2008-09-ൽ 25 സ്പിന്നിംഗ് യൂണിറ്റുകളുടെ ആധുനികവൽക്കരണം നടത്തുന്നതിന് 138.25 ലക്ഷം രൂപയും 6 വീവിംഗ് യൂണിറ്റുകളുടെ ആധുനിക വൽക്കരണത്തിന് 155.40 ലക്ഷം രൂപയും ഫിനിഷ്ഡ് പ്രോഡക്ടുകളുടെ സ്റ്റോറേജ് സൗകര്യത്തിനും അസംസ്കൃത ബാങ്ക് സ്ഥാപിക്കുന്നതിനും 75 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന് പൊതുസൗകര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് 48.1 ലക്ഷം രൂപയും കയർഫെഡിന്റെ

ആർ.സി.പി യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് 83.25 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പ്രധാനമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന TEAP (സുനാമി അടിയന്തിര പദ്ധതി) പ്രകാരം സുനാമിബാധിത മേഖലയിലെ കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന 'കയർ അധിഷ്ഠിത ജീവനോപാധി പദ്ധതി' കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ സുനാമി ബാധിത പഞ്ചായത്തുകളിൽ നടപ്പിലാക്കുകയും 10 സ്ത്രീ കയർ തൊഴിലാളികൾ വീതമുള്ള 25 ആക്ടിവിറ്റി ഗ്രൂപ്പിന് 21 ആട്ടോമാറ്റിക് കയർപിരി യൂണിറ്റും 4 ക്രീൽമാറ്റ് യൂണിറ്റും നൽകുന്നതിനുമായി 184 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായ പദ്ധതിയിൽ തൊഴിൽജന്യ രോഗങ്ങൾക്കുള്ള പരിഹാരമാർഗ്ഗം തേടുന്നതിനുള്ള ടെക്നോളജിക്കൽ ഡെവലപ്മെന്റ് സംവിധാനംകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും കയർത്തൊഴിലാളി ക്ഷേമനിധിയിലെ ചികിത്സാ സഹായം കുറച്ചുകൂടി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും നിയന്ത്രിതമായ തോതിലുള്ള യന്ത്രവൽക്കരണത്തിനും നവീകരണത്തിനും പുതിയ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനും കേന്ദ്രത്തിൽ പദ്ധതികൾ സമർപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും മോഡണൈ സേഷൻ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള കയർ സഹകരണ സംഘങ്ങളുടെ അപേക്ഷകൾ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

62(*574) <u>ഉദ്യോഗതലങ്ങളിൽ പിന്നോക്ക-പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ നടപടി</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 01.01.2008-ലെ വാർഷികാവലോകന പ്രകാരം സംസ്ഥാന സർവ്വീസിൽ 10.3% പട്ടികജാതിക്കാരുടേയും 1.6% പട്ടികവർഗ്ഗക്കാരുടേയും പ്രാതിനിധ്യമാണുള്ളതെന്നും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് അവലോകനം ചെയ്ത് ഈ വിഭാഗങ്ങൾക്ക് 10% പ്രാതിനിധ്യം ഓരോ വിഭാഗത്തിലും ഉറപ്പുവരുത്തുന്നുണ്ടെന്നും 10% പ്രാതിനിധ്യം ഇല്ലാത്ത വിഭാഗങ്ങളിൽ ആനുപാതികമായ എണ്ണം തസ്തികകൾ സംവരണം ചെയ്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമന പുരോഗതി സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തുകയും പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യവും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമന പുരോഗതിയും മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ

സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല. മതിയായ യോഗ്യതയുള്ളവരെ ലഭിക്കാതെ വരുമ്പോൾ ഒഴിവുകൾ നികത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനും യോഗ്യതയിൽ ഇളവ് നൽകുന്നതിനും ഉത്തരവ് നൽകുന്നുണ്ട്. സ്പെഷ്യൽ റൂൾസിന്റെ അഭാവംമൂലം നിയമനങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് നിലവിലുള്ള നിശ്ചിത ശതമാനം ഉദ്യോഗാർത്ഥികൾ ഒരു റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ നീക്കിയിട്ടശേഷം അതേ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ആ വർഷം തന്നെ നേരിട്ട് നിയമനം നടത്താനും വീണ്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ ഒരിക്കൽക്കൂടി ഒഴിവ് വിജ്ഞാപനം ചെയ്യാനുമുള്ള വ്യവസ്ഥ നിലവിലുണ്ട്. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2006-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗ നിയമനങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ സംവരണ സമുദായങ്ങൾക്കുള്ള നിർദ്ദിഷ്ട ശതമാനം ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകൾ നീക്കിയിട്ടശേഷം പ്രസ്തുത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ആ വർഷം തന്നെ നേരിട്ട് നിയമനം നടത്താനും വീണ്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ ഒരിക്കൽ കൂടി ഒഴിവ് വിജ്ഞാപനം ചെയ്യാനും നിർദ്ദേശിച്ചുകൊണ്ട് 08.03.2006-ലെ ഉത്തരവ്

പ്രകാരം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. രണ്ടാമത്തെ തവണയും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ ആ ഒഴിവുകൾ ലിസ്റ്റിൽ പിന്നിലുള്ള മറ്റ് പിന്നോക്ക വിഭാഗക്കാരിൽ നിന്നോ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നോ നികത്താനും ഉത്തരവായിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 4651 മുതൽ 4856 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)